5630/ഇ1/2016/കെ.എസ്.എച്ച്.ഒ 02..12..2016

# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) – ഡെപ്യൂട്ടേഷൻ നിയമനങ്ങൾ

## വിജ്ഞാപനം

സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ (കുടുംബശ്രീ) യിലെ ജില്ലാ ഓഫീസുകളിലുള്ള ഒഴിവുകൾ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നികത്തുന്നതിനും പട്ടിക തയ്യാറാക്കുന്നതിനുമായി യോഗ്യരായ സംസ്ഥാന സർക്കാർ/ അർദ്ധസർക്കാർ ജീവനക്കാരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു.

കുടുംബശ്രീ ജില്ലാ മിഷനുകളിലെ അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ എന്ന തസ്തികയിലേയ്ക്കാണ് നിയമനം. യോഗ്യതയുള്ള ജീവനക്കാർ കെഎസ്ആർ ചട്ടങ്ങൾ പ്രകാരം എൻ.ഒ.സി സഹിതം അപേക്ഷിക്കേണ്ടതാണ്.

### അസി.ജില്ലാമിഷൻ കോ-ഓർഡിനേറ്റർ

**ഒഴിവുകൾ:**

(തിരുവനന്തപുരം -1, കൊല്ലം-3, ആലപ്പുഴ-3, ഇടുക്കി-2, തൃശൂർ-3, പാലക്കാട്-3, മലപ്പുറം-1, വയനാട്-2, കണ്ണൂർ-1, കാസറഗോഡ്-3 കൂടാതെ പത്തനംതിട്ട, കോട്ടയം, കോഴിക്കോട് എന്നീ ജില്ലകളിൽ പ്രതീക്ഷിക്കുന്ന ഒഴിവുകളും)

**ശമ്പള സ്കെയിൽ :** അപേക്ഷകർ 26500 - 56700 (പുതുക്കിയത്) ശമ്പള സ്കെയിലിലോ അതിനു മുകളിലോ ഇപ്പോൾ ജോലി ചെയ്ത് വരുന്നവരായിരിക്കണം.

കേന്ദ്രസർക്കാർ ജീവനക്കാർക്ക് ടി ശമ്പളസ്കെയിൽ ബാധകമല്ലാത്തതിനാൽ ടി സ്കെയിലിന് സമാനമായതോ അതിന് മുകളിലുള്ളതോ ആയ ശമ്പളസ്കെയിലുള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്.

**യോഗ്യത**

- അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദം.

- സംഘാടന പാടവവും, ദാരിദ്ര്യ നിർമ്മാർജ്ജന-തൊഴിൽദാന പദ്ധതികൾ നടപ്പിലാക്കുന്ന പ്രവർത്തന മേഖലകളിൽ കുറഞ്ഞത് 3 വർഷത്തെ പ്രവൃത്തി പരിചയം.
- കൃഷി, ഗ്രാമവികസന/ സാമൂഹികക്ഷേമ/പട്ടികജാതി-പട്ടികവർഗ്ഗ വികസന/ മത്സ്യ ബന്ധന വകുപ്പുകളിലെ ഓഫീസർമാർക്ക് മുൻഗണന.
- കംപ്യൂട്ടറിൽ പ്രായോഗിക പരിജ്ഞാനം ഉണ്ടായിരിക്കണം.
- സാമൂഹിക വിഷയങ്ങളിലെ ബിരുദാനന്തര ബിരുദം (എം.എസ്.ഡബ്ല്യൂ) എം.എ സോഷ്യോളജി തുടങ്ങിയവ) അഭികാമ്യം.
- ഒരാഴ്ച നീണ്ടുനിൽക്കുന്ന പരിശീലനത്തിനു ശേഷം, എഴുത്തു പരീക്ഷ, കംപ്യൂട്ടറിൽ പ്രായോഗിക പരിജ്ഞാനം വിലയിരുത്താനുള്ള ടെസ്റ്റ്, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും തെരഞ്ഞെടുപ്പ്.

**അപേക്ഷകൾ അയയ്ക്കേണ്ട വിലാസം**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, ട്രിഡ ബിൽഡിംഗ്, ചാലക്കുഴി ലെയിൻ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം-695011.

അപേക്ഷ ലഭിക്കേണ്ട അവസാന തീയതി : **20..12..2016**

കൂടുതൽ വിവരങ്ങൾക്ക് കുടുംബശ്രീ വെബ്സൈറ്റ് (www.kudumbashree.org) സന്ദർശിക്കുക.

**(ഒപ്പ്)**
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ**

**അംഗീകാരത്തോടെ,**

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**